## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6125** **04.07.2019 -ൽ മറുപടിക്ക്**

## വില്ലേജ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സജി ചെറിയാൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) വില്ലേജ് ഓഫീസർമാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ നിയമപരമായി തീർപ്പാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) വിജിലൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വില്ലേജോഫീസർമാർ ക്കെതിരായ അച്ചടക്ക നടപടി ആരംഭിക്കുന്നതിനായി KCS (CC&A) ചട്ടങ്ങൾ പ്രകാരം നിരവധി നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. വിജിലൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ഏത് തരത്തിലുള്ള ശിക്ഷ (ലഘുശിക്ഷ/ കഠിനശിക്ഷ)-യാണ് സ്വീകരിക്കേണ്ടത് എന്ന് വകുപ്പ് സെക്രട്ടറി തലത്തിൽ തീരുമാനമെടുക്കുകയും തുടർന്ന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്യേണ്ടതായുണ്ട്. പിന്നീട് ടി കുറ്റപത്രത്തിന്റെ നടത്തുപ്രതി, കുറ്റപത്രത്തി-ന്മേലുള്ള കുറ്റാരോപിതന്റെ പ്രതിവാദ പത്രിക എന്നിവ ലഭ്യമാക്കുവാൻ കുറ്റപത്രം നടത്തിയ തീയതി മുതൽ 15 ദിവസത്തെ സമയപരിധി നൽകേണ്ടതുണ്ട്. ടിയാൻ സമർപ്പിക്കുന്ന മറുപടിയിന്മേൽ മിക്ക കേസുകളിലും ലാൻഡ് റവന്യൂ കമ്മീഷണർ / ജില്ലാ കളക്ടറുടെ അഭിപ്രായം ലഭ്യമാക്കാറുണ്ട്. ടിയാന്റെ വിശദീകരണം തൃപ്തികരമല്ലായെങ്കിലും കഠിന-ശിക്ഷയുള്ള കുറ്റപത്രമാണ് നൽകിയിട്ടുള്ള-തെങ്കിലും ആരോപണ വിഷയത്തിൽ KCS(CC&A) ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതുണ്ട്. ടി അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി, കുറ്റക്കാരെ നേരിൽകേട്ട് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ 4- 5 മാസ കാലയളവ് എടുക്കാറുണ്ട്. ടി അന്വേഷണ റിപ്പോർട്ടിൽ ടിയാൻ കുറ്റക്കാരനെന്ന് കണ്ടെത്തിയാൽ ടിയാന് ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതുണ്ട്. ഇതിനും 15 ദിവസ സമയം നൽകേണ്ടതുണ്ട്. ആയതിന് സമർപ്പിക്കുന്ന മറുപടി പരിശോധിച്ച് ടിയാനെ നേരിൽ കേൾക്കാൻ നോട്ടീസ് നൽകേണ്ടതുണ്ട്. നേരിൽകേട്ടതിനു ശേഷം കുറ്റം തെളിയുക- |

യാണെങ്കിൽ പ്രസ്തുത ശിക്ഷ അന്തിമമാകുന്നതിനു മുമ്പ് വിജിലൻസ് വകുപ്പിന്റേയും കേരള പബ്ലിക് സർവ്വീസ് കമ്മീഷണറുടേയും ഉപദേശം വാങ്ങേണ്ടതുണ്ട്. ഈ നടപടി ക്രമത്തിനും കാലതാമസം ഉണ്ടാവാറുണ്ട്.

KCS(CC&A) ചട്ടങ്ങൾ പാലിച്ച് അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്റെ സ്വാഭാവിക കാലതാമസം മാത്രമാണ് അച്ചടക്ക നടപടികളിൽ ഉണ്ടാകാറുള്ളത്.

(ബി) മാവേലിക്കര വെട്ടിയാർ വില്ലേജ് ഓഫീസറായ ശ്രീമതി. സിന്ധുകുമാരി കെ. യ്ക്ക് എതിരെയുള്ള ശിക്ഷാനടപടി രണ്ട് വർഷത്തിലധികമായിട്ടും തീർപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) മാവേലിക്കര വെട്ടിയാർ വില്ലേജ് ഓഫീസറായ ശ്രീമതി. സിന്ധുകുമാരിയുടെ അച്ചടക്ക നടപടിയിന്മേൽ (എ) ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതായുണ്ട്. ആയതിന്റെ ഭാഗമായി നടപടിക്രമങ്ങൾ പാലിച്ച് വരികയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി ഫയൽ 29/04/2019 തീയതിയിലെ കത്ത് പ്രകാരം നല്കിയിട്ടുള്ളതുമാണ്. (file no ഡി1/34740/16) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മറുപടി ഇതുവരെ ലഭ്യമായിട്ടില്ല.

ടി ഫയലിന്മേൽ KCS(CC&A) ചട്ടങ്ങൾ, 1960 പാലിച്ച് അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്റെ സ്വാഭാവിക കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(സി) വില്ലേജ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചില്ല എന്ന കാരണത്താൽ ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റം ലഭിക്കാത്ത 8973 സീനിയോറിറ്റി നമ്പരിലുള്ള വെട്ടിയാർ വില്ലേജ് ആഫീസറുടെ അപേക്ഷയിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ തീർപ്പ് താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(സി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജോഫീസറായ ശ്രീമതി. സിന്ധുകുമാരി. കെ. യുടെ (വില്ലേജ് ഓഫീസർ/ എച്ച് സി/ആർ.ഐ. സീനിയോരിറ്റി നമ്പർ 8973) പ്രൊബേഷൻ പൂർത്തികരിക്കുന്നതും സ്ഥാനക്കയറ്റം അനുവദിക്കുന്നതും സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ ടിയാളുടെ പേരിൽ നിലവിലുള്ള അച്ചടക്ക നടപടിയുടെ തീർപ്പിനു വിധേയമായി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 28/6/2019 തീയതിയിൽ ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ